# ഭക്ഷ്യ പ്രതിസന്ധി പ്രശ്നവും പരിഹാരവും

● മുഹമ്മദ് പാലത്ത്

**ലോകം** നേരിടുന്ന അതീവഗുരുതര പ്രശ്നങ്ങളിൽ ഒന്നായി വളർന്നിരിക്കുന്നു ഭക്ഷ്യധാന്യക്കമ്മിയും വിലക്കയറ്റവും. ലോകം ഒറ്റക്കെട്ടായിനിന്ന് പരിഹാരം കാണാൻ ശ്രമിച്ചില്ലെങ്കിൽ കാര്യം പിടിവിട്ട് പോകുമെന്ന് ലോകബാങ്ക് പ്രസിഡന്റ് മുന്നറിയിപ്പ് നൽകുകയുണ്ടായി. *വാൾസ്ട്രീറ്റ് ജേർണൽ, ഇക്കണോമിക് ടൈംസ്, ദ ഹിന്ദു* തുടങ്ങി പ്രമുഖ പ്രസിദ്ധീകരണങ്ങളിൽ ഭക്ഷ്യപ്രശ്നത്തിന്റെ കാരണങ്ങളും പ്രത്യാഘാതങ്ങളും വിശകലനം ചെയ്യുന്ന ലേഖനങ്ങൾ വരികയുണ്ടായി. പലരും ഭക്ഷ്യപ്രശ്നത്തെക്കുറിച്ച് ഉപന്യസിച്ചു എന്നല്ലാതെ കാര്യമായ പരിഹാര നിർദേശങ്ങളൊന്നും നൽകുകയുണ്ടായില്ല. യു.എൻ അടക്കമുള്ള അന്താരാഷ്ട്ര ഏജൻസികൾ 1990-കളിൽതന്നെ മുന്നറിയിപ്പ് നൽകിയതാണെങ്കിലും രാഷ്ട്രങ്ങൾ അത് മുഖവിലക്കെടുക്കാതിരുന്നതിനാൽ പ്രയോജനമൊന്നും ഉണ്ടായില്ല.

1943-ൽ, ഇന്ത്യയുടെ ഭാഗമായിരുന്ന കിഴക്കൻ ബംഗാളിൽ ഭക്ഷ്യക്ഷാമം മൂലം മരിച്ചത് 15 ലക്ഷത്തോളം മനുഷ്യരാണ്. ഭക്ഷ്യോൽപാദനത്തിലുള്ള കുറവായിരുന്നില്ല, ഉയർന്ന വില കാരണം വാങ്ങാൻ കഴിയാത്തതായിരുന്നു ആ ക്ഷാമത്തിന് പ്രധാന കാരണമെന്ന് നോബൽ സമ്മാന ജേതാവ് ഡോ. അമർത്യ സെൻ പിന്നീട് തെളിയിക്കുകയുണ്ടായി. എന്നാൽ ഇന്ന് ലോകം രണ്ട് പ്രശ്നങ്ങൾ ഒരേസമയം നേരിടുകയാണ്; ഉൽപാദനക്കുറവും വിലക്കയറ്റവും. ഉയർന്ന വിലകാരണം വാങ്ങാൻ കഴിയാത്തവരുടെ എണ്ണം കൂടുമ്പോൾ തന്നെ ഭക്ഷ്യോൽപാദനത്തിൽ ഗണ്യമായ കുറവാണ് ആഗോളതലത്തിൽ കഴിഞ്ഞ ദശകത്തിലുണ്ടായത്.

ലോകമെങ്ങും 854 മില്യൻ ജനങ്ങൾ വിശപ്പ് മാറ്റാനാവാതെ ഭക്ഷ്യക്ഷാമത്തിന്റെ കെടുതിയിലാണ്. 100 മില്യൻ ജനത ഏതാനും വർഷത്തിനിടെ അതിദാരിദ്ര്യാവസ്ഥയിലേക്ക് അഥവാ ദാരിദ്ര്യരേഖയുടെ താഴേക്ക് മാറിയെന്ന് പഠനങ്ങൾ പറയുന്നു. 16000 കുഞ്ഞുങ്ങളാണ് ഭക്ഷ്യക്ഷാമം, പോഷകാഹാര കുറവ്, അതുമായി ബന്ധപ്പെട്ട രോഗങ്ങൾ എന്നിവ കാരണം ഒരു ദിവസം മരിച്ചു തീരുന്നത്. ഭക്ഷ്യോൽപാദന കമ്മിയും അതുണ്ടാക്കുന്ന അതിദാരിദ്ര്യവും പല രാജ്യങ്ങളിലും സാമൂഹിക രാഷ്ട്രീയ അസ്ഥിരതക്കും കുഴപ്പങ്ങൾക്കും കാരണമാവുമെന്ന് യു.എൻ ഏജൻസിയായ ഫുഡ് ആന്റ് അഗ്രികൾച്ചറൽ ഓർഗനൈസേഷൻ (എഫ്.എ.ഒ) മുന്നറിയിപ്പ് നൽകുകയുണ്ടായി. തൊട്ടുടനെ ഭക്ഷ്യകലാപകാരികൾ ഹെയ്ത്തി പ്രസിഡന്റിന്റെ സ്ഥാനം തെറിപ്പിച്ചു. ഇത് കേട്ട് ഭയന്നാവണം ന്യൂയോർക്കിൽ ചേർന്ന ധനകാര്യ മന്ത്രിമാരുടെ സമ്മേളനം വളർന്നുവരുന്ന ഭക്ഷ്യകലാപങ്ങൾ സൃഷ്ടിക്കുന്ന രാഷ്ട്രീയ അസ്ഥിരതയിൽ ഉത്കണ്ഠ രേഖപ്പെടുത്തിയത്.

37 രാജ്യങ്ങളാണ് ഭക്ഷ്യകമ്മി കൂടുതൽ നേരിടുന്നത്. ഇതിൽ ചൈന മുതൽ ബംഗ്ലാദേശ് വരെ ഉൾപ്പെടും. ഉൽപാദനം 1980-കളെക്കാൾ താഴെയാണെന്ന്

റിപ്പോർട്ട് ചെയ്യപ്പെടുന്നു. ഭക്ഷ്യധാന്യോൽപാദനത്തിൽ സ്വയം പര്യാപ്തത കൈവരിച്ചിരുന്ന ഇന്ത്യയും മെക്സിക്കോയും മറ്റും ഇറക്കുമതി ആരംഭിച്ചിരിക്കുന്നു. വൻ കയറ്റുമതി രാജ്യങ്ങളായിരുന്ന ആസ്ത്രേലിയയടക്കം കടുത്ത നിയന്ത്രണങ്ങൾ വരുത്തി. കഴിഞ്ഞ മൂന്നു വർഷത്തിനിടെ ഭക്ഷ്യധാന്യവില 83 ശതമാനം വർധിച്ചു. ഇത് ഭക്ഷ്യധാന്യങ്ങൾ ഇറക്കുമതി ചെയ്യുന്ന രാജ്യങ്ങളുടെ മൊത്തം ഇറക്കുമതിച്ചെലവിൽ 56 ശതമാനം വർധനവുണ്ടാക്കി. 33 രാഷ്ട്രങ്ങളിൽ ഭക്ഷ്യക്ഷാമം കലാപത്തിന് തിരികൊളുത്തിയിരിക്കുന്നു. ലോകം ഉടനെ 'ഭക്ഷ്യയുദ്ധം' നേരിടേണ്ടിവരുമെന്ന് വിദഗ്ധർ മുന്നറിയിപ്പ് നൽകുന്നു.

ഭക്ഷ്യോൽപാദനക്കുറവിന് നിരവധി കാരണങ്ങൾ വിദഗ്ധർ നിരത്തുന്നുണ്ട്. ഉയരുന്ന ഇന്ധനവിലയാണ് മുഖ്യമായത്. പെട്രോളിയം ഉൽപന്നവില ഉയരുന്നത് കാർഷികമേഖലയിൽ ഉൽപാദനച്ചെലവ് (രാസവളം, ഗതാഗതം, യന്ത്രങ്ങളുടെ പ്രവർത്തനം തുടങ്ങിയവ) ഗണ്യമായി വർധിപ്പിച്ചു. ഇതിനനുസരിച്ച് ഉൽപന്നവില കൂടാതിരുന്നത് കൃഷി നിർത്തുന്നതിനോ ലാഭകരമായ വാണിജ്യ കൃഷിരീതികളിലേക്ക് മാറ്റിച്ചവിട്ടുന്നതിനോ കാരണമായി. ഇത് ഉൽപന്നവില വർധിക്കാനും ഉൽപാദനം കുറയുന്നതിനും കാരണമായി.

കാലാവസ്ഥാ വ്യതിയാനമാണ് ഉന്നയിക്കപ്പെടുന്ന മറ്റൊരു കാരണം. ലോക ഗോതമ്പ് കയറ്റുമതിയിൽ ഗണ്യമായ സംഭാവന നൽകിയിരുന്ന ആസ്ത്രേലിയയിൽ ഉൽപാദനക്കുറവിനിടയാക്കിയത് ഇക്കഴിഞ്ഞ വർഷത്തെ കൊടും വരൾച്ചയായിരുന്നത്രെ. മറ്റു രാജ്യങ്ങളിലും കാലം തെറ്റിയുള്ള മഴയും വരൾച്ചയും പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.

ജൈവ ഇന്ധനം അമിതമായി ആശ്രയിക്കാനുള്ള വ്യഗ്രതയാണ് മറ്റൊരു കാരണം. അമേരിക്കയടക്കമുള്ള വികസിത രാജ്യങ്ങൾ ഇന്ധനത്തിന്റെ കാര്യത്തിൽ ആശങ്കാകുലരാണ്. പെട്രോളിയം ഉൽപന്നങ്ങളുടെ മേൽ നിയന്ത്രണം നഷ്ടപ്പെടുന്നതും അവ തീർന്നുപോകുമെന്നുമുള്ള ഭീഷണിയും മലിനീകരണവും ജൈവ ഇന്ധനത്തിലേക്ക് തിരിയാൻ പ്രേരിപ്പിക്കുന്നു. ജെട്രോഫ പോലുള്ള ജൈവ ഇന്ധന ചെടികൾ കൃഷി ചെയ്യുന്നതിന് വൻ പ്രാധാന്യമാണ് ഇന്ത്യയടക്കമുള്ള ലോകരാജ്യങ്ങൾ നൽകുന്നത്. അമേരിക്കയിൽ മാത്രം ധാന്യങ്ങളും മറ്റും കൃഷി ചെയ്തിരുന്ന 16 ശതമാനം ഭൂമി ജൈവ ഇന്ധന കൃഷിയിലേക്ക് മാറിയിട്ടുണ്ട്.

ലോകത്ത് സമ്പന്നരുടെ എണ്ണത്തിലുണ്ടായ വർധന ഇറച്ചിയുടെ ഉപഭോഗം വർധിപ്പിച്ചിട്ടുണ്ട്. ഇത് കാലിവളർത്തൽ ഗണ്യമായി വർധിപ്പിക്കുന്നതിനും ഭക്ഷ്യധാന്യ ക്ഷാമത്തിനും കാരണമാകുന്നുണ്ട്. ഭക്ഷ്യധാന്യങ്ങളുടെ നല്ലൊരു ശതമാനം കാലിത്തീറ്റക്കായി മാറ്റിവെക്കേണ്ടിവരുന്നതാണ് കാരണം. 100 കലോറി ഊർജം ലഭിക്കുന്നത്ര മാട്ടിറച്ചി ഉൽപാദിപ്പിക്കാൻ 700 കലോറി ലഭിക്കുന്ന ധാന്യങ്ങൾ തീറ്റയായി നൽകേണ്ടിവരുന്നു എന്നാണ് കണക്ക്. ഭക്ഷ്യോൽപാദനത്തിന്റെ 15 ശതമാനവും ഇങ്ങനെ ചെലവഴിക്കപ്പെടുകയാണത്രെ.




**പലിശയാണ് അസമത്വം വർധിപ്പിക്കുന്ന പ്രധാന ഘടകം. സമ്പത്തുള്ളവന്റെ ആസ്തി പലിശ സ്ഥിരമായി വർധിപ്പിക്കുമ്പോൾ ഇല്ലാത്തവൻ പലിശ നൽകി പടുകുഴിയിലേക്ക് പതിക്കുന്നു. ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള വിടവ് ഭീതിജനകമാംവിധം വർധിക്കുകയാണ്. പലിശ നിർമാർജനവും നിർബന്ധ ദാനവുമാണ് അസമത്വമില്ലാത്ത വിതരണക്രമത്തിന് ഇസ്‌ലാമിന്റെ സുപ്രധാന ആയുധങ്ങൾ.**

ആഗോളീകരണവും ഉദാരവത്കരണവും ലോക സമ്പദ്‌വ്യവസ്ഥയിൽ വരുത്തിയ മുൻഗണനാക്രമത്തിലെ മാറ്റമാണ് മറ്റൊരു പ്രധാന കാരണം. ചൈന പോലുള്ള നവ വികസിത രാഷ്ട്രങ്ങൾ വ്യവസായത്തിന് പ്രാധാന്യം നൽകി ലോക കമ്പോളത്തിൽ സജീവ സാന്നിധ്യമാവാൻ ശ്രമിക്കുമ്പോൾ കാർഷിക രംഗം പ്രാധാന്യം കുറയുകയോ അവഗണിക്കപ്പെടുകയോ ചെയ്യുന്നു. ജലസേചനം പോലുള്ള കൃഷി അനുബന്ധ മേഖലകളിൽ നിക്ഷേപം കുറയാൻ ഇത് കാരണമാവുന്നു. ആഗോളീകരണം കാർഷിക രംഗത്തെ സബ്സിഡി അടക്കമുള്ള ആനുകൂല്യങ്ങൾ ഇല്ലാതാക്കിയതും ഉൽപാദനക്കുറവിലേക്ക് നയിച്ചു.

ഭക്ഷ്യധാന്യ സംഭരണത്തിൽനിന്നും വിതരണത്തിൽനിന്നുമുള്ള സർക്കാറുകളുടെ പിന്മാറ്റം ഈ രംഗത്ത് കുത്തകകൾക്ക് ആധിപത്യമുറപ്പിക്കാൻ അവസരമുണ്ടാക്കി. കാർഗിൽ, വിൻഡ്സേഴ്സ് പോലുള്ള ഏതാനും ബഹുരാഷ്ട്ര കുത്തകകളാണ് ഭക്ഷ്യധാന്യ വില ഉയർത്തുന്നതിൽ പ്രധാന പങ്കുവഹിക്കുന്നതെന്ന് ചൂണ്ടിക്കാണിക്കപ്പെടുന്നു. കർഷകരിൽനിന്ന് നേരിട്ട് ഉൽപന്നങ്ങൾ സംഭരിച്ച് ഉയർന്ന വിലയ്ക്ക് കമ്പോളത്തിൽ വിതരണം ചെയ്ത് ക്ഷാമവും വിലക്കയറ്റവും സൃഷ്ടിക്കുന്നു. അധിക കമ്പനികളുടെയും വേര് ലോക സാമ്രാജ്യത്വശക്തിയായ അമേരിക്കയിൽതന്നെ. 1960-കളിൽ തന്നെ പി.എൽ 480 എന്ന നിയമംവഴി മൂന്നാം ലോക രാജ്യങ്ങളിലെ ഭക്ഷ്യധാന്യവിതരണം കൈക്കലാക്കാൻ അമേരിക്ക ശ്രമമാരംഭിച്ചിരുന്നു. കാർഷിക സബ്സിഡി വെട്ടിക്കുറക്കാൻ ലോകരാജ്യങ്ങളെ നിർബന്ധിക്കുമ്പോഴും തങ്ങളുടെ രാജ്യത്ത് വൻ സബ്സിഡി നൽകി ഉൽപാദനം വർധിപ്പിക്കുന്നതും വെറുതെയല്ലല്ലോ. ഉൽപാദനം വളരെയേറെ വർധിക്കുമ്പോൾ വില കുറയാതിരിക്കാൻ അമിതോൽപന്നങ്ങൾ കടലിൽ തള്ളുന്ന സംഭവങ്ങളും അമേരിക്കയിൽ വിരളമല്ല.

## ഭക്ഷ്യക്ഷാമവും ഇന്ത്യയും

ഇന്ത്യയിൽ ഭക്ഷണം കിട്ടാനില്ലാത്ത അവസ്ഥ ഇതേവരെ വന്നില്ലെങ്കിലും പൊള്ളുന്ന വില കാരണം സമീപഭാവിയിൽതന്നെ പട്ടിണി മരണങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടേക്കാം. എന്നിട്ടും നമ്മുടെ രാഷ്ട്രീയ നേതാക്കൾക്ക് വിഴുപ്പലക്കാനുള്ള ഒരു ആയുധം മാത്രമാണ്



ഭക്ഷ്യക്കമ്മിയും വിലക്കയറ്റവും. ഇതേകുറിച്ച് ഗൗരവമായ ചർച്ച നടത്താനോ പരിഹാര നിർദേശങ്ങൾ സമർപ്പിക്കാനോ ഇന്ത്യയിലെ രാഷ്ട്രീയ നേതാക്കൾ ഇതുവരെ തയാറായിട്ടില്ല.

ഒരു വർഷത്തിനിടെ ഭക്ഷ്യ എണ്ണയുടെ വിലയിൽ 40 ശതമാനവും ഭക്ഷ്യധാന്യങ്ങൾക്ക് 20 മുതൽ 30 ശതമാനം വരെയും വില വർധിപ്പിച്ചു. ഒരു ഡോളറിൽ താഴെ ദിവസവരുമാനക്കാരായ 25 ശതമാനത്തിനും രണ്ടു ഡോളറിൽ താഴെ വരുമാനമുള്ള 50 ശതമാനത്തിനും വരുമാനം മുഴുവനും ഭക്ഷണത്തിന് നീക്കിവെച്ചാലും വിശപ്പ് മാറാത്ത അവസ്ഥ. ഉയരുന്ന വില നിയന്ത്രിക്കാൻ കഴിഞ്ഞ മാസം ഗോതമ്പ് ഇറക്കുമതി ചെയ്തെങ്കിലും ആഭ്യന്തര കമ്പോളത്തിലെ വിലയുടെ ഇരട്ടിയിലധികം നൽകിയായിരുന്നു ഇറക്കുമതി. വിവിധ കാരണങ്ങൾ പറഞ്ഞ് ഭക്ഷ്യധാന്യങ്ങൾക്ക് താങ്ങുവില വർധിപ്പിക്കാൻ തയാറാവാതിരിക്കുമ്പോഴാണ് ഇരട്ടി വിലയ്ക്ക് ഇറക്കുമതി. ഇത് പണപ്പെരുപ്പം രൂക്ഷമാക്കാൻ ഇടയാക്കും. ഭക്ഷ്യധാന്യ സംഭരണത്തിൽനിന്ന് കേന്ദ്ര സർക്കാർ ഏതാണ്ട് പൂർണമായും പിന്മാറിയിരിക്കുന്നു. 60 ശതമാനം കൃഷിയെ ആശ്രയിക്കുന്ന രാജ്യത്ത് ജി.ഡി.പിയുടെ 18 ശതമാനം മാത്രമേ കാർഷികരംഗത്തുനിന്നുള്ളൂ എന്നതും മൊത്തം വളർച്ച 8 ശതമാനത്തിനു മുകളിലായിട്ടും കാർഷികോൽപാദനം 2.5 ശതമാനം വളർച്ച മാത്രം രേഖപ്പെടുത്തുന്നതും ഈ രംഗത്തിന്റെ പിന്നാക്കാവസ്ഥ വരച്ചുകാണിക്കുന്നു.

കടക്കെണിയും കൃഷി നഷ്ടവും കാരണം കഴിഞ്ഞ ദശകത്തിൽ വർഷം ശരാശരി 10000 കർഷകരാണ് ആത്മഹത്യ ചെയ്തത്. 60 ശതമാനം കൃഷിഭൂമിയും മഴയെ മാത്രം ആശ്രയിക്കുന്നതിനാൽ കാലാവസ്ഥാ വ്യതിയാനം ഉൽപാദനത്തെ കാര്യമായി ബാധിച്ചു. ജലസേചന സൗകര്യം വർധിപ്പിക്കുന്നതിന് കൂടുതൽ മുതൽമുടക്കാൻ സർക്കാർ തയാറാകുന്നില്ല. സംഭരിക്കുന്ന ഭക്ഷ്യധാന്യങ്ങളുടെ 20 ശതമാനം എലികളും കീടങ്ങളും തിന്നുതീർക്കുന്നു. ജനസംഖ്യാവർധനവും വ്യാവസായിക വളർച്ചയും കൃഷിഭൂമിയുടെ അളവിനെ സാരമായി ബാധിക്കുന്നു. നന്ദിഗ്രാമിൽ കാർ ഫാക്ടറി തുടങ്ങാൻ കൃഷിഭൂമി തന്നെ തെരഞ്ഞെടുത്തത് ഒറ്റപ്പെട്ട സംഭവമല്ല. കാർഷിക സബ്സിഡി ഏതാണ്ട് പൂർണമായി എടുത്തുകളഞ്ഞതോടെ കൃഷി ലാഭകരമല്ലാതായി മാറിയതാണ് ഭക്ഷ്യോൽപാദനത്തിൽ ഗണ്യമായ കുറവുണ്ടാക്കിയത്.

## എന്താണ് പരിഹാരം?

രാഷ്ട്രീയ നേതൃത്വമോ സാമ്പത്തിക വിദഗ്ധരോ ലോകം നേരിടുന്ന സുപ്രധാന പ്രശ്നത്തിന് പരിഹാരം നിർദേശിക്കാനാവാതെ കുഴങ്ങുന്നത് ആധുനിക സമ്പദ്വ്യവസ്ഥയുടെ പാപ്പരത്തം വിളിച്ചോതുന്നു. ഉൽപാദനത്തെ ലാഭം നേടുന്നതിനുള്ള ഉപാധിയായി മാത്രം കാണുന്ന മുതലാളിത്ത ചിന്താഗതി മേൽക്കൈ നേടിയതാണ് ഭക്ഷ്യധാന്യോൽപാദനം കുറയാനുള്ള യഥാർഥ കാരണം. പണം എല്ലാം നിർണയിക്കുന്നതിനുള്ള ഉപാധിയാവുകയും കൂടുതൽ പണമുണ്ടാക്കുക ഏക ലക്ഷ്യമായിത്തീരുകയും ചെയ്യുമ്പോൾ സംഭവിക്കുന്ന ദുരന്തമാണിത്. ധാന്യോൽപാദനത്തേക്കാൾ നേട്ടം വാണിജ്യകൃഷിയാണെന്നു കണ്ടപ്പോൾ നെൽപാടങ്ങളിൽ റബറും തെങ്ങും തുടങ്ങി ജെട്രോഫ വരെ വെച്ചുപിടിപ്പിച്ചത് കാർഷികരംഗത്തെ ഗണ്യമായി ബാധിച്ചു. ഭക്ഷ്യസബ്സിഡി വെട്ടിക്കുറച്ചത് ഈ പ്രക്രിയക്ക് ആക്കം കൂട്ടി.

ആവശ്യത്തിനനുസരിച്ച് മാർക്കറ്റിൽ ഭക്ഷ്യധാന്യങ്ങൾ ലഭ്യമാവാതിരുന്നത് വില വർധിക്കുന്നതിൽ പ്രധാന പങ്കുവഹിക്കുന്നു. അതിലേറെ പ്രധാനമാണ് അമേരിക്കൻ ഡോളറിന്റെ മൂല്യശോഷണം. അമേരിക്കൻ ഡോളറിനെ അടിസ്ഥാനമാക്കിയാണ് ലോകത്ത് വിനിമയങ്ങൾ മിക്കതും. ഡോളറിന്റെ വിലയിടിവാണ് ഇന്ധനവില കൂട്ടിയത്, അതാണ് വിലക്കയറ്റം രൂക്ഷമാക്കുന്നതും. ഡോളറിന്റെ മൂല്യശോഷണത്തിന് പ്രധാന കാരണം പലിശ തന്നെ. ഭീമമായ കടബാധ്യതയും അത് സൃഷ്ടിക്കുന്ന പലിശയുമാണ് ഡോളറിന്റെ മൂല്യം കുറച്ചത്. ലോകം നിയന്ത്രിക്കാൻ ഓടി നടക്കുന്ന അമേരിക്കൻ സമ്പദ്വ്യവസ്ഥയുടെ 90 ശതമാനവും പൊതുകടമാണത്രെ. ഇത് സൃഷ്ടിക്കുന്ന ദുരന്തങ്ങളാണ് ലോകം അനുഭവിച്ചുകൊണ്ടിരിക്കുന്നത്.

## ഇസ്ലാം എന്തു പറയുന്നു?

മറ്റെല്ലാ കാര്യങ്ങളെയും പോലെ ഉൽപാദനം, ഉപഭോഗം, വിതരണം തുടങ്ങി മുഖ്യ സാമ്പത്തിക പ്രവർത്തനങ്ങൾ ചില ലക്ഷ്യങ്ങൾ മുൻനിർത്തിയാവണമെന്ന് ഇസ്ലാം നിഷ്കർഷിക്കുന്നു. പൊതുനന്മയും സാമൂഹികനീതിയുമാണ് ആ ലക്ഷ്യങ്ങൾ. ഉൽപാദനത്തെ കേവല ഭൗതികലാഭത്തിനുള്ള ഉപാധി മാത്രമായി ഇസ്ലാം കാണുന്നില്ല. മനുഷ്യനാഗരികതയുടെ നിലനിൽപിനും വളർച്ചക്കും ക്രിയാത്മകമായ സംഭാവന നൽകുന്നതാവണം അത്. സമൂഹത്തിന് ആവശ്യമുള്ള വസ്തുക്കൾക്കാണ് അഥവാ അടിസ്ഥാനാവശ്യ പൂർത്തീകരണത്തിനാണ് മുൻഗണന. അനുവദിക്കപ്പെട്ട ലാഭത്തോടൊപ്പം നീതികൂടി ലക്ഷ്യമാവുമ്പോൾ ഭക്ഷ്യധാന്യോൽപാദനം എന്ന അടിസ്ഥാനാവശ്യം അടിയറവെച്ച് മറ്റൊന്ന് ഉൽപാദിപ്പിക്കാൻ സമൂഹം തയാറാവില്ല. അടിസ്ഥാനാവശ്യ പൂർത്തീകരണവും വികസനവും മുൻനിർത്തി ഉൽപാദന പ്രക്രിയയിൽ പങ്കാളിയാവുന്നത് സാമൂഹിക ബാധ്യതയാണെന്ന് പണ്ഡിതന്മാർ വിശദീകരിക്കുന്നു. കൃഷിഭൂമി തരിശിടരുതെന്നും മൂന്നു വർഷം തരിശായിട്ട ഭൂമി പിടിച്ചെടുത്ത് ആവശ്യക്കാർക്ക് വിതരണം ചെയ്യണമെന്നും പ്രവാചകൻ കൽപിക്കുകയുണ്ടായി. ഉൽപാദനത്തിന് ഇസ്ലാം

**രാഷ്ട്രീയ നേതൃത്വമോ സാമ്പത്തിക വിദഗ്ധരോ ലോകം നേരിടുന്ന സുപ്രധാന പ്രശ്നത്തിന് പരിഹാരം നിർദേശിക്കാനാവാതെ കുഴങ്ങുന്നത് ആധുനിക സമ്പദ്‌വ്യവസ്ഥയുടെ പാപ്പരത്തം വിളിച്ചോതുന്നു. ഉൽപാദനത്തെ ലാഭം നേടുന്നതിനുള്ള ഉപാധിയായി മാത്രം കാണുന്ന മുതലാളിത്ത ചിന്താഗതി മേൽക്കൈ നേടിയതാണ് ഭക്ഷ്യധാന്യോൽപാദനം കുറയാനുള്ള യഥാർഥ കാരണം. പണം എല്ലാം നിർണയിക്കുന്നതിനുള്ള ഉപാധിയാവുകയും കൂടുതൽ പണമുണ്ടാക്കുക ഏക ലക്ഷ്യമായിത്തീരുകയും ചെയ്യുമ്പോൾ സംഭവിക്കുന്ന ദുരന്തമാണിത്.**

നൽകിയ പ്രാധാന്യമാണ് ഇത് വിളിച്ചോതുന്നത്. കൃഷിഭൂമി പാട്ടത്തിന് നൽകുന്നതിനുപകരം കൃഷി ചെയ്യുന്നവർക്ക് നൽകലാണ് ഉത്തമമെന്ന് പ്രമുഖ പണ്ഡിതനായ ഇബ്നു ഹസം അഭിപ്രായപ്പെട്ടതും ഉൽപാദനവർധന ലക്ഷ്യം വെച്ചാണ്.

വിതണത്തിലെ അസമത്വമാണ് ലോകം നേരിടുന്ന സുപ്രധാന പ്രശ്നം. ഭക്ഷ്യധാന്യ വിലവർധനവിന്റെ നേട്ടം 10 ശതമാനം കൊയ്തെടുക്കുമ്പോൾ 90 ശതമാനവും പതിക്കുന്നത് ഇല്ലായ്മയുടെ ആഴങ്ങളിലേക്കാണ്. പലിശയാണ് അസമത്വം വർധിപ്പിക്കുന്ന പ്രധാന ഘടകം. സമ്പത്തുള്ളവന്റെ ആസ്തി പലിശ സ്ഥിരമായി വർധിപ്പിക്കുമ്പോൾ ഇല്ലാത്തവൻ പലിശ നൽകി പടുകുഴിയിലേക്ക് പതിക്കുന്നു. ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള വിടവ് ഭീതിജനകമാംവിധം വർധിക്കുകയാണ്. പലിശ നിർമാർജനവും നിർബന്ധ ദാനവുമാണ് അസമത്വമില്ലാത്ത വിതരണക്രമത്തിന് ഇസ്ലാമിന്റെ സുപ്രധാന ആയുധങ്ങൾ. കൂടാതെ അവശ്യസാധനങ്ങളുടെ നീതിപൂർവമായ വിതരണം സർക്കാറിന്റെ ബാധ്യതയായി ഇസ്ലാം കാണുന്നു. ഇത് സാമൂഹിക നീതി ഉറപ്പുവരുത്തുന്നു.

ഉപഭോഗത്തെയും ഇസ്ലാം കൃത്യമായി നിർവചിക്കുന്നു. പിശുക്കിനും ധൂർത്തിനുമിടയിൽ മധ്യമ നിലപാടാണ് ഇസ്ലാമിന്റേത്. കേവലം ഉപഭോഗത്തിനുവേണ്ടി ഉപഭോഗം നടത്തുന്ന സംസ്കാരത്തെ ഇസ്ലാം അംഗീകരിക്കുകയില്ല. ഉപഭോഗത്തിന് കൃത്യമായ ലക്ഷ്യവും സ്വഭാവവും നിഷ്കർഷിക്കുന്നു. സകാത്തിന്റെ ലക്ഷ്യം അടിസ്ഥാനാവശ്യ പൂർത്തീകരണമാണെന്ന് ഇമാം ശാത്വിബി പറഞ്ഞിരിക്കുന്നു. ആർത്തി ശമിപ്പിക്കാനല്ല, അടിസ്ഥാനാവശ്യങ്ങളുടെ പൂർത്തീകരണത്തിനാണ് സമൂഹം മുൻഗണന നൽകേണ്ടത്. തലതിരിഞ്ഞ വികസനഭ്രമവും അത് സൃഷ്ടിച്ച ഉപഭോഗസംസ്കാരവുമാണ് ലോകത്ത് ഭക്ഷ്യക്ഷാമത്തിന് കാരണമെന്നു കാണാൻ പ്രയാസമില്ല. മറ്റുള്ളവനെ അനുകരിച്ച് എന്തും വാങ്ങിക്കൂട്ടുന്നതാണ് ഉപഭോഗ സംസ്കാരം. ആവശ്യമുള്ളതുമാത്രം വാങ്ങാനും പണം മുഴുവൻ ചെലവഴിക്കാതെ ഒരു ഭാഗം നാളേക്കുവേണ്ടി സമ്പാദിക്കാനും ഇസ്ലാം നിർദേശിക്കുന്നു. പണം അനാവശ്യമായി ചെലവഴിക്കുന്നവൻ പിശാചിന്റെ കൂട്ടുകാരനാണെന്ന നബിവചനവും ഇവിടെ സ്മരണീയമാണ്.

## വേണം ഒരു ഭക്ഷ്യവിപ്ലവം

അടുത്ത കാലത്തായി ഒരു രാജ്യവും സ്വന്തമായി പ്രശ്നങ്ങൾ പരിഹരിക്കുകയോ പദ്ധതികൾ ആവിഷ്കരിക്കുകയോ ചെയ്യാറില്ല. ലോകബാങ്കും അമേരിക്കയും മറ്റും നൽകുന്ന പദ്ധതികൾ നടപ്പാക്കുന്ന ഏജൻസി മാത്രമായി രാജ്യങ്ങൾ തരംതാണിരിക്കുന്നു. അറുപതുകളിലെ ഹരിതവിപ്ലവം അമേരിക്കൻ സന്തതിയായിരുന്നു. അന്നുപയോഗിച്ച ശക്തിയേറിയ രാസവളങ്ങളും കീടനാശിനികളും കൃഷിഭൂമിയെ ഷണ്ഡീകരിക്കുകയായിരുന്നെന്ന് തിരിച്ചറിഞ്ഞത് വളരെ കഴിഞ്ഞാണ്. ഇപ്പോൾ അമേരിക്കൻ കമ്പനികൾ നൽകിക്കൊണ്ടിരിക്കുന്ന ഷണ്ഡീകരിച്ച വിത്തുകളും ഭക്ഷ്യധാന്യ വിതരണരംഗത്ത് അവരുടെ മേൽക്കോയ്മ നിലനിർത്താനേ സഹായിക്കൂ.

നമ്മുടെ ഭരണക്കാർ വളർച്ചാ വിഭ്രമത്തിൽനിന്ന് കുതറിമാറി സമ്പദ്ഘടനയുടെ അടിസ്ഥാനമായ കാർഷിക മേഖലയിലേക്ക് തിരിഞ്ഞില്ലെങ്കിൽ രാജ്യത്ത് ദാരിദ്ര്യരേഖക്ക് താഴെയുള്ളവരുടെ എണ്ണം 50 ശതമാനം കടക്കും എന്നതിൽ സംശയമില്ല. ഇതിനായി കാർഷികമേഖലയിൽ കൂടുതൽ മുതൽമുടക്ക് നടത്തണം. ജലസേചന സൗകര്യം വർധിപ്പിക്കണം, കാലാവസ്ഥാ വ്യതിയാനം മുൻകൂട്ടി കണ്ട് കൃഷി ആസൂത്രണം ചെയ്യാൻ പഠനങ്ങൾ നടത്തുകയും കർഷകർക്ക് പരിശീലനം നൽകുകയും കൃഷിഭൂമി യഥാർഥ കർഷകർക്ക് വിതരണം ചെയ്യുകയും വേണം. പലിശയില്ലാതെ കടം നൽകുകയും പകരം വിളകൾ സംഭരിക്കുകയും വേണം. അതുപയോഗിച്ച് പൊതുവിതരണം കാര്യക്ഷമമാക്കണം. ഷണ്ഡീകരിച്ച വിത്തുകളുടെ ഉപയോഗം നിരോധിക്കണം. ഫലപുഷ്ടമായ ഭൂമി വ്യവസായങ്ങൾക്ക് നൽകരുത്. കൃഷിഭൂമിയുടെ അളവ് കുറക്കുന്ന എല്ലാ നടപടികളിൽനിന്നും സർക്കാർ പിൻമാറണം. ഭക്ഷ്യധാന്യോൽപാദനത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ബോധവത്കരണം നടത്തണം. കർഷക സമൂഹത്തിന് അംഗീകാരവും മാന്യതയും കൈവരണം. സബ്സിഡികൾ പുനഃസ്ഥാപിക്കണം. ഈ നടപടികളിലൂടെ ഭക്ഷ്യധാന്യോൽപാദനം വർധിപ്പിക്കാൻ കഴിയും. ഇതൊരു വിപ്ലവ മുദ്രാവാക്യമായി ഉയർത്താൻ കഴിയണം. ■

(ലേഖനത്തിൽ ചേർത്ത കണക്കുകൾക്ക് *വാൾസ്ട്രീറ്റ് ജേർണൽ*, *ഇക്കണോമിക് ടൈംസ്*, *ദ ഹിന്ദു*, എഫ്.എ.ഒ വെബ് സൈറ്റ് എന്നിവയോട് കടപ്പാട്)

mohdpalath@gmail.com